**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **24-02-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ കരയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടലാക്രമണവും വേലിയേറ്റവും മൂലം നിലനില്പിന് തന്നെ ഭീഷണി നേരിടുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ 459.5 ലക്ഷം രൂപയുടെ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ കടൽക്ഷോഭം പ്രതിരോധിക്കുന്നതിനായി 1.16 ലക്ഷം രൂപയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാല പൂർവ്വ അടിയന്തിര കടൽഭിത്തികളുടെ നിർമ്മാണ ത്തിനായി ജിയോബാഗുകൾ ഉപയോഗിച്ച് 35 ലക്ഷം രൂപയുടെ പ്രവൃത്തിയും 3.5 ലക്ഷം രൂപയുടെ മറ്റൊരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. 308.5 ലക്ഷം രൂപയ്ക്ക് എളങ്കുന്നപ്പുഴ പഞ്ചായത്തിലേയും പള്ളിപ്പുറം പഞ്ചായത്തിലേയും വിവിധ തോടുകളിലെ എക്കൽ മാറ്റുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ വേലിയേറ്റവും കടൽക്ഷോഭവും മൂലമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സാധ്യമായിട്ടുണ്ട്. കുഴിപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 5ൽ ചെറായിപ്പുഴയുടെ പാർശ്വഭിത്തി നിർമ്മാണത്തിനായി 22.1 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ കടൽത്തീരത്തിന്റെ ബാതിമെടിക് സർവ്വേ ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പ്രദേശത്ത് കടൽ ഭിത്തിയും പുലിമുട്ടും പാർശ്വഭിത്തികളും കെട്ടുന്നതിനും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് തുടർച്ചയായി ഉണ്ടാകുന്ന കടൽക്ഷോഭത്തെയും വേലിയേറ്റത്തേയും പ്രതിരോധിക്കുന്നതിനായി പുലിമുട്ടുകളും ജിയോ ബാഗുകൾ ഉപയോഗ പ്പെടുത്തി അടിയന്തിര കടൽഭിത്തികളുടെ നിർമ്മാണവും വിവിധയിടങ്ങളിലായി നിർമ്മിച്ചിരു ന്നുവെങ്കിലും വ്യാപകമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുള്ളൂ. പ്രസ്തുത പ്രദേശത്ത് മുൻകാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് |

| | | | |
|---|---|---|---|
| | | | സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതു കൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കി.മീ. ദൈർഘ്യമുള്ള കടൽത്തീരം സംരക്ഷിക്കുന്നതിന്റെ പര്യവേക്ഷണം നടത്തുന്നതിനായി ഒരു ബാതിമെട്രിക് സർവ്വെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എസ്.ഡി.ആർ.എഫ് -ൽ ഉൾപ്പെടുത്തി വീതി കൂടിയ തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ സംരക്ഷണത്തിനായി ഓപ്പറേഷൻ വാഹിനി–യിൽ ഉൾപ്പെടുത്തി വൈപ്പിൻ ബ്ലോക്കിലെ തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വൈപ്പിൻ കരയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്തും കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന മണ്ഡലം എന്ന പരിഗണന നൽകിയും ടി പ്രദേശത്തെ ഹോട്ട് സ്പോട്ടിൽ ഉൾപ്പെടുത്താനും ദ്വീപിന്റെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കാനും നടപടി സ്വീകരിക്കുമോ; | (സി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് തുടർച്ചയായി ഉണ്ടാകുന്ന കടൽക്ഷോഭത്തെയും വേലിയേറ്റത്തേയും പ്രതിരോധിക്കുന്നതിനായി പുലിമുട്ടുകളും ജിയോ ബാഗുകൾ ഉപയോഗ പ്പെടുത്തി അടിയന്തിര കടൽഭിത്തികളുടെ നിർമ്മാണവും വിവിധയിടങ്ങളിലായി നിർമ്മിച്ചിരു ന്നുവെങ്കിലും വ്യാപകമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുള്ളൂ. പ്രസ്തുത പ്രദേശത്ത് മുൻകാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതു കൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കി.മീ. ദൈർഘ്യമുള്ള കടൽത്തീരം സംരക്ഷിക്കുന്നതിന്റെ പര്യവേക്ഷണം നടത്തുന്ന തിനായി ഒരു ബാതിമെട്രിക് സർവ്വെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എസ്.ഡി.ആർ.എഫ് -ൽ ഉൾപ്പെടുത്തി വീതി കൂടിയ തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ സംരക്ഷണത്തിനായി ഓപ്പറേഷൻ വാഹിനി–യിൽ ഉൾപ്പെടുത്തി വൈപ്പിൻ ബ്ലോക്കിലെ തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കടൽഭിത്തിയും പുലിമുട്ടും പാർശ്വഭിത്തികളും നിർമ്മിക്കുക, കായലുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും ചെളിയും ദ്വീപിന്റെ വികസനത്തിന് ഉപയുക്തമാവുന്ന തരത്തിൽ വിനിയോഗിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | പുലിമുട്ടുകളും കടൽഭിത്തികളും നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പര്യവേക്ഷണം നടത്തി പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രദേശത്തിന് അനുയോജ്യമായ നിർമ്മിതി നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. തോടുകളിലും കായലുകളിലും നിന്നും നീക്കം ചെയ്യുന്ന എക്കലും ചെളിയും പഞ്ചായത്തുകളുടെ വികസനത്തിന് ഉതകുന്ന തരത്തിൽ വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ